പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3439 19.06.2019-ലെ മറുപടിക്ക്

## കട്ടപ്പന-എറണാകുളം ചെയിൻ സർവ്വീസ്

ചോദ്യം

ശ്രീ.ആന്റണി ജോൺ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേക്ക് എത്ര ബസ്സുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്നും പുതുതായി എത്ര സർവ്വീസുകൾ ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ 8 ബസ്സുകൾ പുതിയതായി കോതമംഗലം ഡിപ്പോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഒരു ആലപ്പുഴ-മൂന്നാർ ഫാസ്റ്റ് പാസഞ്ചർ സർവ്വീസും, മൂന്ന് അങ്കമാലി-മലയാറ്റൂർ ഓർഡിനറി ചെയിൻ സർവ്വീസും പുതുതായി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കോതമംഗലത്ത് നിന്നും കട്ടപ്പന-എറണാകുളം റൂട്ടിൽ ഹൈറേഞ്ച് ചെയിൻ സർവ്വീസ് ആരംഭിച്ചാൽ നിരവധി യാത്രക്കാർക്ക് പ്രയോജനം ലഭിക്കുമെന്നതിനാൽ കോതമംഗലത്ത് നിന്നും കട്ടപ്പന-എറണാകുളം ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (ബി) | കോർപ്പറേഷനും, യാത്രക്കാർക്കും പ്രയോജനകരമാകുന്ന വിധത്തിൽ കോതമംഗലത്ത് നിന്നും കട്ടപ്പന - എറണാകുളം ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ